# കനാനിലായിരിക്കുവാൻ ദൈവം നിങ്ങളെ വിളിച്ചിട്ടുണ്ടെങ്കിൽ ഈജിപ്തിലേക്ക് നിങ്ങൾ പോകരുത്

സാക് പുന്നൻ

WFTW 15 ജനുവരി 2017

ദൈവം അബ്രാഹാമിനെ വീണ്ടും വീണ്ടും പരിശോധന ചെയ്തു. ഈ തവണത്തെ പരിശോധന ദേശത്തുണ്ടായ ഒരു ക്ഷാമത്തിലൂടെയായിരുന്നു. (ഉൽപത്തി 12:10). ദൈവം നിങ്ങളോട് കനാനിലേക്ക് പോകുവാൻ ആവശ്യപ്പെട്ടിരിക്കുകയും കനാനിൽ ഒരു ക്ഷാമം ഉണ്ടാകുകയും ചെയ്താൽ നിങ്ങൾ എന്താണ് ചെയ്യുക? ഒന്നുകിൽ നിങ്ങളുടെ സ്വന്തവിവേകമനുസരിച്ച് അല്ലെങ്കിൽ ദൈവം തൻറെ ആത്മാവിലൂടെ നിങ്ങളോട് അരുളിചെയ്തതനുസരിച്ച് ജീവിക്കും. യേശുവിനെക്കുറിച്ചു പറയുന്ന മനോഹരമായ ഒരു വാക്യമുണ്ട്. ‘ അവിടുന്ന് തൻറെ കണ്ണുകൾ കൊണ്ട് കാണുന്നതുപോലെ ന്യായപാലനം ചെയ്യുകയില്ല. ചെവികൊണ്ട് കേൾക്കുന്നതു പോലെ വിധിക്കയുമില്ല‘ ( യെശയ്യാവ് 11:3,4) എന്നാൽ മനുഷ്യൻ ജീവിക്കുന്നത് ആ മാർഗ്ഗത്തിലല്ല. നാം കനാനിൽ ഒരു ക്ഷാമത്തെക്കുറിച്ചു കേൾക്കുകയോ കാണുകയോ ചെയ്താൽ, പെട്ടെന്നു നാം നമ്മുടെ കണ്ണുകളും കാതുകളും, നമ്മുടെ ബുദ്ധിയുള്ള തലച്ചോറും പറയുന്നതു പോലെ ഒരു തീരുമാനം എടുക്കുന്നു. തീർച്ചയായും നമുക്ക് ഇപ്പോൾ ആയിരിക്കാൻ പറ്റിയ ഒരു സ്ഥലമല്ല കനാൻ എന്ന് നാം തീരുമാനിക്കുന്നു. നമുക്ക് ഇവിടെ നിന്ന് പുറപ്പെടണം. നമുക്ക് ദൈവത്തോട് ആലോചിക്കേണ്ടതില്ല കാരണം നാം നമ്മുടെ വിവേകം അനുസരിച്ചാണ് ജീവിക്കുന്നത്! അതാണ് അബ്രഹാഹാം ചെയ്തത്. ‘ അതുകൊണ്ട് അബ്രാഹാം ഈജിപതിലേക്ക് പോയി‘ (12:10) ഈജിപ്തിലേക്കു പോകുവാൻ അവനോട് ആരു പറഞ്ഞു? ദൈവം പറഞ്ഞില്ല, എന്നാൽ അവൻറെ ബുദ്ധി അവനോടു പറഞ്ഞു. ദൈവത്തിന് ഒരു മനുഷ്യനെ ക്ഷാമകാലത്തു സംരക്ഷിക്കുവാൻ കഴിയുകയില്ലേ ? തീർച്ചയായും. ‘യഹോവയിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. ക്ഷാമകാലത്തു പോലും അവന് കുറവുണ്ടായിരിക്കുകയില്ല.‘ ( യിരെമ്യാവ് 17:58). യഹോവയിൽ ആശ്രയിക്കുന്നവൻ, ദൈവം അവനോട് പുറപ്പെടാൻ പറയുന്നതുവരെ അതു ചെയ്യുകയില്ല. അതാണ് നമ്മുടെ കർത്താവ് മരുഭൂമിയിൽ വച്ച് പരീക്ഷിക്കപ്പെട്ടപ്പോൾ സാത്താനോട് പറഞ്ഞത്. സാത്താൻ യേശുവിനോട് ആ കല്ല് അപ്പമാക്കി മാറ്റുവാൻ പറഞ്ഞു. ആ മരുഭൂമിയിൽ ഒരു ക്ഷാമമുണ്ടായിരുന്നു തന്നെയുമല്ല അവിടെ ചുറ്റുപാടുമെങ്ങും ഒരു ഭക്ഷണശാലയും ഉണ്ടായിരുന്നില്ല. എന്നാൽ യേശു ഇപ്രകാരം മറുപടി പറഞ്ഞു, ‘ മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിൻറെ വായിൽ നിന്നു പുറപ്പെടുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു‘ ( മത്തായി 4:4) .

എന്നാൽ അബ്രഹാം അപ്രകാരമല്ല ജീവിച്ചത്. അവൻ അപ്പം കൊണ്ടു മാത്രം ജീവിക്കുവാൻ തീരുമാനിച്ചു. അതുകൊണ്ട് ഈജിപ്തിൽ അപ്പം ഉണ്ടായിരുന്നതിനാൽ, അവൻ അവിടേയ്ക്ക് പോയി. ഇന്ന് മിക്ക ക്രിസ്തീയ പ്രവർത്തനങ്ങളും നടത്തപ്പെടുന്നത് അപ്രകാരമാണ്. മിക്ക ക്രിസ്തീയ പ്രവർത്തകരും കർത്താവ് അവരോട് പോകാൻ പറയുന്നയുന്നിടത്തേക്ക് പോകുന്നില്ല. തങ്ങൾക്ക് ഒരു നല്ല ശംമ്പളം ലഭിക്കാൻ സാധ്യതയുള്ളതും അപ്പം ധാരാളമായി ലഭ്യതയുള്ളതുമായ ഇടങ്ങളിലേയ്ക്ക് അവർ പോകുന്നു. പണത്തിന് യാതൊരു ക്ഷാമവുമില്ലാത്ത സംഘടനകളിൽ അവർ ചേരുന്നു. ആയിരിക്കുവാൻ വളരെ സുഖപ്രദമായ ഒരു സ്ഥലമായിരിക്കാം ‘ഈജിപ്ത്‘ എന്നാൽ നിങ്ങൾ ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്ന സ്ഥലം അതാണോ എന്നതാണ് ചോദ്യം. ദൈവം നിങ്ങളെ ‘കനാനിൽ‘ ആയിരിക്കുവാനായി വിളിച്ചിരിക്കുന്നു എങ്കിൽ നിങ്ങൾ ‘ഈജിപ്തിലേക്ക്‘ നീങ്ങരുത്. ഇപ്പോൾതന്നെ ദൈവം നിങ്ങളോട് പറയുന്നത് നിങ്ങൾ കേൾക്കുന്നില്ലെങ്കിൽ, നിങ്ങൾ പരിശോധിക്കപ്പെടുമ്പോഴും നിങ്ങൾ അതേ കാര്യം തന്നെ ചെയ്യും. യേശുചെയ്തതുപോലെ ദൈവത്തിൻറെ വായിൽ നിന്നു പുറപ്പെടുന്ന വചനങ്ങളാൽ ജീവിക്കുക. ‘അതെ അപ്പം

ജീവിതത്തിന് ആവശ്യമാണ്. എന്നാൽ ദൈവത്തെ അനുസരിക്കുന്നത്, ജീവിതത്തിന് അതിനെക്കാൾ ആവശ്യമാണ്' ഇതായിരുന്നു അവിടുത്തെ മനോഭാവം.

യേശുവിനെപ്പോലും സാത്താൻ ഈ വിധത്തിൽ പ്രലോഭിപ്പിച്ചെങ്കിൽ, നിങ്ങളെയും അവൻ ധാരാളം അപ്പമുള്ള ഇടത്തേക്ക് പോകുവാനായി പ്രലോഭിപ്പിക്കും എന്ന് നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾ ഒരു പൂർണ്ണസമയ ക്രിസ്തീയ പ്രവർത്തനത്തിലായിരിക്കുകയും ഒരു സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുകയാണെങ്കിൽ, മറ്റൊരു സംഘടനയിൽ നിന്നോ, മറ്റൊരു സഭയിൽ നിന്നോ കൂടുതൽ പണം നേടാൻ നിങ്ങൾക്കു കഴിയും. അതുകൊണ്ട് നിങ്ങൾ അവിടേക്ക് പോകുവാനായി സാത്താൻ നിങ്ങളോട് പറയും. അപ്രകാരമുള്ള ഒരു സമയത്ത് സാത്താൻ പറയുന്നതു കേട്ട് നിങ്ങളുടെ ജീവിതം നശിപ്പിക്കാതിരിക്കുവാൻ ദൈവം നിങ്ങളുടെ മേൽ കരുണ ചൊരിയട്ടെ.

അബ്രാഹാം ഈജിപ്തിലേക്ക് പോയതു കൊണ്ട് എന്തു ഫലം ഉണ്ടായി? അവൻറെ ഭാര്യ തൻറെ സഹോദരിയാണെന്ന ഭോഷ്ക് പറയേണ്ടിവന്നു. നിങ്ങൾ ' ഈജിപ്തിലേയ്ക്ക് ' പോകുമ്പോൾ നിങ്ങൾ അനേക പ്രശ്നങ്ങളിൽ അകപ്പെടും, നിങ്ങൾ കള്ളങ്ങൾ പറയേണ്ടിവരും, വ്യാജ റിപ്പോർട്ടുകൾ എഴുതേണ്ടി വരും, 100% സത്യമല്ലാത്ത കാര്യങ്ങൾ പ്രസ്താവിക്കേണ്ടി വരും, നിങ്ങളുടെ മനസ്സാക്ഷി ഒത്തുതീർപ്പിനു വിധേയമാകേണ്ടി വരും, ഇങ്ങനെ പല കാര്യങ്ങൾ. സാറയ്ക്ക് ഏതാണ്ട് 65 അല്ലെങ്കിൽ 70 വയസ്സുണ്ടായിരുന്നിരിക്കാം. എങ്കിലും അപ്പോഴും അവൾ വളരെ ആകർഷണീയ ആയ ഒരു സ്ത്രീ ആയിരുന്നിരിക്കണം, കാരണം ഈജിപ്തിലെ രാജാവായ ഫറവോൻ അവളെ തൻറെ അരമനയിലേയ്ക്ക് കൊണ്ടു ചെല്ലുവാൻ ആവശ്യപ്പെട്ടു. തൻറെ ഭാര്യയെ രാജാവിൻറെ അരമനയിലേയ്ക്ക് മലിനപ്പെടുത്തേണ്ടതിനായി കൊണ്ടു പോകുന്നതു കണ്ടപ്പോൾ പോലും, അവൻ ഫറവോനോട് സത്യം പറയാതിരിക്കത്തക്കവണ്ണം അപ്പോഴും അബ്രഹാം തൻറെ സ്വന്ത ജീവനെ സ്നേഹിച്ചു എന്നതാണ് ദുഃഖകരമായ കാര്യം. ഒരു ദുർഘട സന്ധിയിലാകുമ്പോഴാണ് നാം സത്യത്തെ സ്നേഹിക്കുന്നോ ഇല്ലയോ എന്നു കണ്ടെത്തുന്നത്.

ഇനി കുറച്ചുകൂടി ഗൗരവമുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അടുത്ത 4000 വർഷങ്ങളോളം അനന്തര ഫലങ്ങളുണ്ടാക്കത്തക്കവിധം ഈജിപ്തിൽ നടന്ന ചില കാര്യങ്ങൾ. അബ്രാഹാം ഈജിപ്തിലേയ്ക്ക് ചെന്നപ്പോൾ അവിടെയുള്ള ധനികരായ ആളുകൾക്ക് തങ്ങളുടെ വീട്ടിൽ പരിചാരികമാർ (വേലക്കാരി സ്ത്രീകൾ) ഉള്ളതായി കണ്ടു, അവൻ തനിക്കും അതുപോലെ ഒരാളെ എടുക്കുവാൻ തീരുമാനിച്ചു. അതുകൊണ്ട് ഹാഗാർ എന്നു പേരുള്ള ഒരു വേലക്കാരിയെ എടുത്തു. അവൻ ഈജിപ്തിൽ നിന്നും തിരിച്ചുവന്നപ്പോൾ അവളെയും തൻറെ കൂടെ കൊണ്ടു വന്നു. ഇപ്പോൾ സാറയ്ക്ക് കൂടാരത്തിലുള്ള ജോലികൾ മുഴുവൻ തനിയേ ചെയ്യേണ്ട ആവശ്യമില്ല. അവിടെ അവളെ സഹായിക്കുവാൻ ഹാഗാർ ഉണ്ടായിരുന്നു. പിന്നീട് ,സാറായിക്ക് കുഞ്ഞുങ്ങൾ ഒന്നും ഉണ്ടാകാതിരുന്നപ്പോൾ, ആ പ്രശ്നത്തിലും അവളെ സഹായിക്കുവാൻ ഹാഗാർ ഉണ്ടായിരുന്നു! ഹാഗാറിലൂടെ യിശ്മായേൽ ഉണ്ടായി. അവൻറെ സന്തതി യിസ്ഹാക്കിൻറെ സന്തതിയുമായി 4000 വർഷങ്ങളോളം യുദ്ധം ചെയ്തു കൊണ്ടിരുന്നു. എന്നാൽ ഇതിൻറെ എല്ലാം തുടക്കം, ഒരു മനുഷ്യൻ ഒരു പ്രാവശ്യം ദൈവം പറഞ്ഞത് കേൾക്കാതെ പോയതിൽ നിന്നാണ്. നിങ്ങൾ ഇപ്രകാരം പറഞ്ഞേക്കാം 'കൊള്ളാം, മിക്ക സമയങ്ങളിലും ഞാൻ ദൈവത്തെ ശ്രദ്ധിച്ചു കേൾക്കാറുണ്ട്' നല്ലത്. എന്നാൽ ഇവിടെ നാം കാണുന്നത് ദൈവത്തെ ഒരു പ്രാവശ്യം മാത്രം ശ്രദ്ധിച്ചു കേൾക്കാതിരുന്നതിൻറെ അനന്തരഫലമാണ്. ഈ സന്ദേശം ഗൗരവത്തോടെ നമ്മിലേക്ക് കടക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.